പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2410 **27-10-2026-ൽ മറുപടിയ്ക്ക്**

റൂഫ്ടോപ്പ് സോളാർ വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മാണി. സി. കാപ്പൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) ഉപഭോക്താക്കൾ സ്വന്തം ചെലവിൽ സ്ഥാപിക്കുന്ന റൂഫ്ടോപ്പ് സോളാർ വൈദ്യുതി സംവിധാനങ്ങളിൽ നിന്ന് ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിക്ക് ലഭിക്കുന്ന നിരക്ക് താരതമ്യേന കുറവാണെന്നത് സോളാർ വൈദ്യുതി ഉൽപ്പാദനത്തിലേക്ക് കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിന് തടസ്സമായി മാറുന്നുണ്ടോ;

മറുപടി: ഇല്ല.

(ബി) എങ്കിൽ ഗാർഹിക റൂഫ്ടോപ്പ് സോളാർ പദ്ധതികളിൽ നിക്ഷേപിക്കുന്ന ഉപഭോക്താക്കൾക്ക് ന്യായമായ സാമ്പത്തിക പ്രതിഫലം ഉറപ്പാക്കുന്നതിനും സോളാർ വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുമായി, ഗ്രിഡിലേക്ക് നൽകുന്ന അധിക വൈദ്യുതിയ്ക്ക് നൽകിവരുന്ന നിരക്ക് വർധിപ്പിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

മറുപടി: കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വിവിധ സ്രോതസ്സുകളിൽ നിന്ന് വൈദ്യുതി വാങ്ങുന്ന ശരാശരി ചെലവ് കണക്കാക്കിയാണ്, ഗ്രിഡിലേക്ക് നൽകുന്ന സോളാർ വൈദ്യുതിയുടെ നിരക്ക് കേരള സംസ്ഥാന റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്നത്.

(സി) ഗാർഹിക റൂഫ്ടോപ്പ് സോളാർ വൈദ്യുതി ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി കൂടുതൽ ആകർഷകമായ നെറ്റ് മീറ്ററിംഗ്/വൈദ്യുതി വാങ്ങൽ സംവിധാനം, സബ്സിഡി, മറ്റ് പ്രോത്സാഹന പദ്ധതികൾ എന്നിവ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

മറുപടി: ഗാർഹിക റൂഫ് ടോപ് സോളാർ വൈദ്യുതി ഉത്പാദനം വർധിപ്പിക്കുന്നതിനായി സബ്സിഡി, ബാങ്ക് ചെയ്യുന്ന വൈദ്യുതിക്ക് നിശ്ചിത നിരക്കിൽ തുക തിരികെ നൽകുക, നെറ്റ് മീറ്ററിംഗ് സംവിധാനം ഉപയോഗിച്ച് സൗരോർജ്ജ പ്ലാന്റിൽ നിന്നും ഗ്രിഡിലേക്കു കൊടുക്കുന്ന വൈദ്യുതി, രാത്രി കാലങ്ങളിൽ വൈദ്യുതിക്ക് വില കൂടിയ സമയത്തു തിരികെ ഉപയോഗിക്കാൻ കഴിയുക, സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉടമസ്ഥതയിലുള്ള മറ്റു കെട്ടിടങ്ങളിലേക്കു വീൽ ചെയ്തു ഉപയോഗിക്കുവാൻ കഴിയുക തുടങ്ങി ആകർഷകമായ വ്യവസ്ഥകൾ നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ